**No.CEE/700/2017/5LLB-2017/TA2**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**പത്രക്കുറിപ്പ്**

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2017 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നു

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2017-18 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **31.07.2017 (തിങ്കളാഴ്ച)** ആരംഭിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **31.07.2017** മുതൽ **05.08.2017 വൈകുന്നേരം 5 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **05.08.2017** വൈകുന്നേരം **5** മണി വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **06.08.2017-ന്** ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **07.08.2017** മുതൽ **10.08.2017** വരെ കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെട്ട വിജ്ഞാപനം www.cee-kerala.org എന്ന വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
28.07.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**